"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ- തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്നും വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ. കെ.എൻ . രാമനുണ്ണി, സീനിയർ അസിസ്റ്റൻറ് ശ്രീമതി. രാധിക കെ.ആർ. എന്നിവരുടെ സർക്കാർ സർവ്വീസിലെ മുൻകാല സേവന കാലയളവ് പെൻഷന് യോഗ്യ സേവനകാലയളവായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി). വകുപ്പ്

സ.ഉ.(സാധാ) നം.578/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. സ.ഉ(അച്ചടി) നം. 228/2001/ധന തീയതി 2.2.2001
2. സ.ഉ(അച്ചടി) നം. 269/2008/ധന തീയതി 21.06.2008
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.11.2025 തീയതിയിലെ LSGD/PD/31306/2025-DEE3 നമ്പർ കത്ത്

ഉത്തരവ്

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്നും വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ കെ.എൻ. രാമനുണ്ണി, സീനിയർ അസിസ്റ്റൻറ് ശ്രീമതി. രാധിക കെ.ആർ എന്നിവരുടെ ഗവ. സർവ്വീസിലെ മുൻകാല സേവന കാലയളവ് പെൻഷൻ യോഗ്യ സേവന കാലയളവായി കണക്കാക്കണമെന്ന് ആവശ്യപ്പെട്ട് ടിയാളുകൾ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് കൊണ്ട് പരാമർശം(3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്ന് 31.05.2025 ൽ വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ.കെ.എൻ.രാമനുണ്ണി 23.03.1998-ൽ റവന്യൂ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും 28.08.2001 അപരാഹ്നത്തിൽ റവന്യൂ വകുപ്പിൽ നിന്ന് വിടുതൽ വാങ്ങി തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ 29.08.2001-ൽ പ്രവേശന കാലയളവിനുള്ളിൽ ജൂനിയർ അസിസ്റ്റൻറ് തസ്ത◌ികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി രാധിക.കെ.ആർ. വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് ആയി 25.03.2004-ൽ ജോലിയിൽ പ്രവേശിക്കുകയും ടി വകുപ്പിൽ നിന്നും 23.09.2010 അപരാഹ്നത്തിൽ വിടുതൽ വാങ്ങി തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ 24.09.2010-ൽ പ്രവേശന കാലയളവിനുള്ളിൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്നും വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ കെ.എൻ. രാമനുണ്ണി, തൃശ്ശൂർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി 23.03.1998 മുതൽ 28.08.2001 വരെ റവന്യൂ വകുപ്പിനു കീഴിൽ ലോവർ ഡിവിഷൻ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവും, തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്നും വിരമിച്ച സീനിയർ അസിസ്റ്റൻറ്, ശ്രീമതി. രാധിക കെ.ആർ, തൃശ്ശൂർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി 25.03.2004 മുതൽ 23.09.2010 വരെ വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് ആയി സേവനമനുഷ്ഠിച്ചിരുന്ന കാലയളവും കെ.എസ്.ആർ പാർട്ട് III ചട്ടം 20-ന്റെ അടിസ്ഥാനത്തിൽ മുൻസിപ്പൽ കോമൺ സർവ്വീസിനൊപ്പം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ
3.അസിസ്റ്റന്റ് സെക്രട്ടറി, കോർപ്പറേഷൻ ,തൃശ്ശൂർ
4.ശ്രീ.കെ.എൻ രാമനുണ്ണി, റിട്ട.സീനിയർ സൂപ്രണ്ട്, വൈദ്യുതി വിഭാഗം, കോർപ്പറേഷൻ, തൃശ്ശൂർ
5.ശ്രീമതി. രാധിക കെ. ആർ റിട്ട. സീനിയർ അസിസ്റ്റന്റ്, വൈദ്യുതി വിഭാഗം, കോർപ്പറേഷൻ, തൃശ്ശൂർ
6.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
7.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
8.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi L P
സെക്ഷൻ ഓഫീസർ
Date: 05-03-2026 09:05:18